**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4008** **06-08-2021 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകൽ, സ്വയം സംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, സാമൂഹിക പ്രവർത്തനം തുടങ്ങിയവയ്ക്കായി സംസ്ഥാന യുവജന ക്ഷേമ ബോർഡ് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | തൊഴിൽ പരിശീലനം, സ്വയം സംരംഭകത്വം പരിശീലിപ്പിക്കൽ എന്നിവയുടെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ല യുവജന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ യൂത്ത് കോ-ഓർഡിനേറ്റർമാരും, കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളും ചേർന്ന് എൽ.ഇ.ഡി ചലഞ്ച് എന്ന സംരംഭത്തിന് തുടക്കമിട്ട് എൽ.ഇ.ഡി ബൾബുകൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട വോളന്റിയർമാർക്ക് പരിശീലനം നൽകുകയുണ്ടായി. കൂടാതെ, സാമൂഹ്യ പ്രവർത്തനം, സംരംഭകത്വം എന്നീ മേഖലകളിലെ മികച്ച പ്രവർത്തനം നടത്തിയ വ്യക്തികൾക്ക് സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം 2020-21 സാമ്പത്തിക വർഷം അവാർഡിനർഹരായ വ്യക്തികൾക്ക് 50,000/- രൂപയും പ്രശസ്തി പത്രവും മൊമെന്റോയും നൽകുകയുണ്ടായി. സാമൂഹ്യ പ്രവർത്തനം, സന്നദ്ധ സേവന രംഗത്ത് തൽപ്പരരായിട്ടുള്ള 1,15,000 ഓളം യുവജനങ്ങൾ ഓൺലൈനായി കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് സേനയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, ബോധവത്ക്കരണ പ്രവർത്തനങ്ങൾ തുടങ്ങി അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന തരത്തിൽ വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് സേനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ നിന്നും ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 18 നും 25 നും മദ്ധ്യേ പ്രായമുള്ള 3000 യുവതീ യുവാക്കൾക്ക് ദേവികുളം അഡ്വഞ്ചർ അക്കാഡമിയിൽ വച്ച് ദുരന്ത നിവാരണ മേഖലയിൽ വിദഗ്ധ പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകുകയുണ്ടായി. 2020 ആഗസ്റ്റ് 6 ന് മൂന്നാർ പെട്ടിമുടിയിലുണ്ടായ ഉരുൾപൊട്ടലിൽ അകപ്പെട്ടവരെ രക്ഷിക്കുന്നതിനും മരിച്ചവരുടെ മൃതദേഹങ്ങൾ കണ്ടെത്തുന്നതിനുമായി പരിശീലനം ലഭിച്ച കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങൾ, വിവിധ യൂത്ത് ക്ലബ്ബ് അംഗങ്ങൾ, യുവാക്ലബ്ബ് അംഗങ്ങൾ, യൂത്ത് കോ-ഓർഡിനേറ്റർമാർ എന്നിവർ 21 ദിവസത്തോളം പ്രവർത്തിച്ചു. |
| (ബി) | പുതുതായി ഇത്തരത്തിൽ എന്തെങ്കിലും സംരംഭങ്ങൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ